LIBRARY ARCHIVES Kerala Legislative Assembly

ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിയും മോടി പിടിപ്പിക്കലും

20 (20) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാന മന്ത്രിമാരുടേയും മുഖ്യമന്ത്രിയുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപണിക്കും മോടി പിടിപ്പിക്കലിനുമായി എത്ര രൂക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വസതിയിലും എത്ര തവണ മോടി പിടിപ്പിക്കലും അറ്റകുറ്റപ്പണിയും നടത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഔദ്യോഗിക വസതിയ്ക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ വർക്കുകളുടെയും വാങ്ങിയ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവായ രൂക അനുബന്ധം 'എ' ആയും ഔദ്യോഗിക വസതികളുടെ മോടിപിടിപ്പിക്കലിന് ചെലവായ രൂക അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു. ചീഫ് വിപ്പിനായി വാടകയ്ക്കെടുത്ത കെട്ടിടത്തിൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾക്കായി 1,24,308 രൂപ ചെലവായിട്ടുണ്ട്. മന്ത്രി മന്ദിരങ്ങൾക്കായി വാടകയ്ക്കെടുത്ത സ്വകാര്യ കെട്ടിടത്തിൽ നടത്തിയ വർക്കുകൾക്കും വാങ്ങിയ സാധനങ്ങൾക്കുംവേണ്ടി ചെലവഴിച്ച രൂക അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു*.

ഔദ്യോഗിക ഡൽഹി യാത്ര

21(21) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്നും വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം എത്രതവണ ഔദ്യോഗികമായി ഡൽഹിയാത്ര നടത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ യാത്രയിലും എത്ര മന്ത്രിമാരും ഉദ്യോഗസ്ഥരും മുഖ്യമന്ത്രിക്കൊപ്പമുണ്ടായിരുന്നു ; വിശദമാക്കാമോ ;

(സി) ഓരോ യാത്രയ്ക്കും എത്ര രൂപ വീതം ഖജനാവിൽ നിന്നും ചെലവായി ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2014 ഡിസംബർ വരെ 7 പ്രാവശ്യം മന്ത്രിതല സംഘം വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു. 2015-ൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവിനോടൊപ്പം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ 13-1-2012-ന് സന്ദർശിച്ചു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും ഒപ്പമുണ്ടായിരുന്നു.

2. മാർച്ച് 2015-ൽ മുഖ്യമന്ത്രി വിവിധ കേന്ദ്രമന്ത്രിമാരെ സന്ദർശിച്ചു. മുഖ്യമന്ത്രിയോടൊപ്പം എക്സൈസും ഉറമുഖവും മത്സ്യബന്ധനവും വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, റസിഡന്റ് കമ്മീഷണർ എന്നിവരുമുണ്ടായിരുന്നു.

3. മേയ് 2015-ൽ സാംസ്കാരികവും ഗ്രാമവികസനവും വകുപ്പുമന്ത്രി, എക്സൈസും ഉറമുഖവും മത്സ്യബന്ധവും വകുപ്പുമന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നീ മന്ത്രിമാർക്കൊപ്പം മുഖ്യമന്ത്രി പ്രധാനമന്ത്രിയെ സന്ദർശിച്ചു. ഈ വേളയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനും ഈ സംഘത്തിൽ ഉണ്ടായിരുന്നു. കൂടാതെ ബഹുമാനപ്പെട്ട എക്സൈസും ഉറമുഖവും മത്സ്യബന്ധനവും വകുപ്പുമന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവർക്കൊപ്പം മുഖ്യമന്ത്രി, കേന്ദ്ര കൃഷി മന്ത്രിയെ സന്ദർശിച്ചിരുന്നു. ഈ വേളയിൽ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, റസിഡന്റ് കമ്മീഷണർ, സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ കൂടി ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ പത്ത് തവണ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രമന്ത്രിമാരെ സന്ദർശിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly